# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4019 — 26.06.2013–ലെ മറുപടിക്ക്

## സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായുള്ള കേസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീമതി കെ. എസ്. സലീഖ :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീ. എം. ഹംസ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എം.ബി.ബി.എസ്. പ്രവേശനത്തിൽ വ്യാപക ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് മുൻ വർഷം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം റദ്ദാക്കിയ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ മാനേജർമാർ നൽകിയ കേസിൽ, സർക്കാർ തോൽക്കാനിടയായതിനെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ ;<br><br>(ബി) ഈ കേസിൽ സർക്കാർ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ; ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;<br><br>(സി) ഈ കേസിൽ അപ്പീൽ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ ? | **(എ), (ബി) & (സി)**<br>2012-13 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ്. പ്രവേശനത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ, കരുണാ മെഡിക്കൽ കോളേജ് പാലക്കാട്. എന്നീ സ്വകാര്യ മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കണമെന്ന് സർക്കാർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാരണത്താൽ പ്രസ്തുത സ്ഥാപനങ്ങളിലെ 9 വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകേണ്ടതില്ലായെന്ന് കേരള ആരോഗ്യ സർവ്വകലാശാല തീരുമാനം കൈക്കൊണ്ടു. ഈ തീരുമാനങ്ങളെ എതിർത്തുകൊണ്ട് പ്രസ്തുത കോളേജുകൾ ബഹു: ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ഈ കേസുകളിൽ ബഹു: ഹൈക്കോടതി ഇടക്കാല ഉത്തരവ് മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ. അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ